**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in.**

സി.ജി.(1) 9457/14 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 11/8/2014

## സർക്കുലർ നമ്പർ 40 /14

വിഷയം– സഹകരണ വകുപ്പ്–റ്റി–908–ാം നമ്പർ ഇടപ്പഴിഞ്ഞി സഹകരണ സംഘം നിർമ്മിക്കുന്ന പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ വാങ്ങുന്നതിന് വായ്പ നൽകുന്നത് സംബന്ധിച്ച്.

സൂചന–1) ഇടപ്പഴിഞ്ഞി സഹകരണ സംഘം സെക്രട്ടറിയുടെ അപേക്ഷ.
2) തദ്ദേള സ്വയം ഭരണ വകുപ്പ് സെക്രട്ടിയുടെ 6.12.13–ലെ സ.ഉ (സാധാ)3004/2013/തസ്വഭ നമ്പർ ഉത്തരവ്.
3) സഹകരണ സംഘം രജിസ്ട്രാറുടെ 22.4.14 ലെ 16/2014 നമ്പർ സർക്കുലർ.

തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന റ്റി.908-ാം നമ്പർ ഇടപ്പഴിഞ്ഞി സഹകരണ സംഘം മാലിന്യ സംസ്ക്കരണത്തിനും പാചക വാതക ഉൽപാദനത്തിനും വേണ്ടി പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു വരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പ് ഈ സഹകരണ സ്ഥാപനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള സേവന ദാതാവായി സൂചന (2) ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതിനാൽ സംഘം നിർമ്മിച്ചു വരുന്ന ബയോ ഗ്യാസ് പ്ലാന്റുകൾ വാങ്ങുന്നതിനും, വായ്പ നൽകുന്നതിനും, വിറ്റഴിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകണമെന്ന് സൂചന (1) പ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ട്. സൂചന (3) സർക്കുലർ പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 20000/– (ഇരുപതിനായിരം രൂപ) 1 ½ വർഷ കാലയളവിലേയ്ക്ക് വായ്പ നൽകുന്നതിന് അനുമതി നൽകിയിരുന്നു.

സർക്കാരിന്റെ ''മാലിന്യ മുക്ത കേരളം'' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഗാർഹിക ജൈവ മാലിന്യം സംസ്കരിച്ച് പാചക ഇന്ധനം ഉൽപാദിപ്പിക്കുന്നതിനുമായി ഒരു ക്യൂബിക്ക് മീറ്റർ വരെയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിൽ സ്ഥാപിക്കുന്നത് സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനും കുറഞ്ഞ ചെലവിൽ പാചക വാതകം ഉല്പാദിപ്പിക്കാനും സഹായകരമാകും.

കേരള സർക്കാരിന്റെ തദ്ദേശ സ്വയം ഭരണ വകുപ്പ് വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർവ്വീസ് പ്രൊവൈഡർ ആയി തെരഞ്ഞെടുത്തിട്ടുള്ള ഇടപ്പഴിഞ്ഞി സഹകരണ സംഘം നിർമ്മിക്കുന്ന പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് വാങ്ങു

ന്നതിന് അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് കേരളത്തിലെ എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്കും അനുമതി നൽകുന്നു. സ്വന്തമായി വിപണന സൗകര്യമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഇടപ്പഴിഞ്ഞി സഹകരണ സംഘം നിർമ്മിക്കുന്ന ബയോ ഗ്യാസ് പ്ലാന്റുകൾ വാങ്ങി വിറ്റഴിക്കുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കുന്നതിനും അനുമതി നൽകുന്നു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ചുവടെ ചേർക്കുന്ന മേൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

സെക്രട്ടറി
ഇടപ്പഴിഞ്ഞി സഹകരണ സംഘം റ്റി.908
ഇടപ്പഴിഞ്ഞി, തൈക്കാട് പി.ഒ.,
തിരുവനന്തപുരം–695014
ടെലിഫോൺ 0471-2326354

ഒപ്പ്,
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ